**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5086** **20-03-2025 - ൽ മറുപടിയ്ക്ക്**

**മണ്ഡലതല പട്ടയ അസംബ്ലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ മണ്ഡലതല പട്ടയ അസംബ്ലിയിൽ പട്ടയം ലഭിക്കാത്ത എത്ര പേരുടെ വിഷയമാണ് ഉയർന്ന് വന്നിരുന്നതെന്ന് വ്യക്തമാക്കാമോ; അവയിൽ താലൂക്ക്, ജില്ലാ തലത്തിൽ എത്ര പേരുടെ വിഷയങ്ങൾ പരിഹരിച്ച് പട്ടയം വിതരണം ചെയ്തുവെന്ന് അറിയിക്കാമോ; | (എ) | പട്ടയ അസംബ്ലിയിൽ ഉയർന്നു വന്നിട്ടുള്ള അപേക്ഷകളുടെ എണ്ണവും ജില്ലാ/താലൂക്ക് തലത്തിൽ പരിഹരിക്കപ്പെട്ട അപേക്ഷളുടെ എണ്ണവും അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) | എത്ര പേരുടെ വിഷയം പട്ടയം ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; അതിൽ ഇതുവരെയായി എത്രയെണ്ണം പരിഹരിച്ചു; ബാക്കിയുള്ളവ എപ്പോൾ പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | പട്ടയം ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ള അപേക്ഷകളുടെ എണ്ണവും പരിഹരിക്കപ്പെട്ടവയുടെ എണ്ണവും അനുബന്ധം (2) ആയി ചേർക്കുന്നു.<br><br>ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്ന വിഷയങ്ങളാണ് പ്രധാനമായും പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരം കേസുകളിൽ സർക്കാരിന്റെ സവിശേഷ അധികാരമുപയോഗിച്ച് പട്ടയം അനുവദിക്കുവാൻ കഴിയുന്ന കേസുകളിൽ അപ്രകാരവും, ചട്ടഭേദഗതികൾ ആവശ്യമുള്ള വിഷയങ്ങളിൽ ആയത് നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.<br>പട്ടയം അനുവദിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും "എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ" എന്ന ലക്ഷ്യം നിറവേറ്റുന്നതിനുമായി റവന്യൂ വകുപ്പ് 'പട്ടയം മിഷൻ' എന്ന കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്. |
| (സി) | മണ്ഡല തലത്തിൽ രണ്ടാം പട്ടയ അസംബ്ലി ചേരാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) | 126-ാമത് റവന്യൂ സെക്രട്ടേറിയേറ്റിലെ നിർദ്ദേശ പ്രകാരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള പട്ടയ അസംബ്ലികൾ നിയമസഭാ സാമാജികരിൽ നിന്നും തീയതി ലഭ്യമാക്കി 2025 മാർച്ച് 1 മുതൽ 31 നകം കൂടുന്നതിനായും, പട്ടയ ഡാഷ് ബോർഡ് മുഖേനയുള്ള പട്ടയ പ്രശ്ന പരിഹാര |

| | | | |
|---|---|---|---|
| | | | പുരോഗതി പ്രസ്തുത യോഗത്തിൽ വിലയിരുത്തുന്നതിനും, ഇതുവരെ പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്താത്ത പ്രശ്നങ്ങൾ അവശേഷിക്കുന്നുണ്ടോ എന്ന് നിർണ്ണയിക്കുന്നതിനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും, ജില്ലാ തലത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ നടന്നു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ക്രമ നം | ജില്ല | പട്ടയ അസംബ്ലിയിൽ ഉയർന്നു വന്നിട്ടുള്ള അപേക്ഷകളുടെ എണ്ണം. | ജില്ലാ/താലൂക്ക് തലത്തിൽ പരിഹരിക്കപ്പെട്ട അപേക്ഷളുടെ എണ്ണം. |
|---|---|---|---|
| 1 | തിരുവനന്തപുരം | 4889 | 943 |
| 2 | കൊല്ലം | 4415 | 358 |
| 3 | പത്തനംതിട്ട | 7483 | 136 |
| 4 | ആലപ്പുഴ | 404 | 44 |
| 5 | കോട്ടയം | 8988 | 2 |
| 6 | ഇടുക്കി | 17926 | 5084 |
| 7 | എറണാകുളം | 1111 | 70 |
| 8 | തൃശ്ശൂർ | 2149 | 140 |
| 9 | പാലക്കാട് | 1326 | 0 |
| 10 | മലപ്പുറം | 986 | 116 |
| 11 | കോഴിക്കോട് | 2306 | 0 |
| 12 | വയനാട് | 1496 | 0 |
| 13 | കണ്ണൂർ | 1227 | 238 |
| 14 | കാസർഗോഡ് | 1519 | 91 |

അനുബന്ധം II

| ക്രമ നം | ജില്ല | പട്ടയം ഡാഷ്ബോർഡിൽ ഉൾപ്പെട്ടുത്തിയിട്ടുള്ള കേസുകളുടെ എണ്ണം | പട്ടയം ഡാഷ്ബോർഡിൽ ഉൾപ്പെട്ടുത്തിയിട്ടുള്ള അപേക്ഷകളുടെ എണ്ണം | പരിഹരിക്കപ്പെട്ടവയുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 169 | 2411 | 705 |
| 2 | കൊല്ലം | 36 | 2718 | 597 |
| 3 | പത്തനംതിട്ട | 72 | 9993 | 113 |
| 4 | ആലപ്പുഴ | 72 | 459 | 24 |
| 5 | കോട്ടയം | 136 | 8956 | 0 |
| 6 | ഇടുക്കി | 58 | 23106 | 5084 |
| 7 | എറണാകുളം | 120 | 7057 | 5241 |
| 8 | തൃശ്ശൂർ | 314 | 1806 | 46 |
| 9 | പാലക്കാട് | 198 | 1376 | 0 |
| 10 | മലപ്പുറം | 35 | 981 | 116 |
| 11 | കോഴിക്കോട് | 175 | 2307 | 0 |
| 12 | വയനാട് | 11 | 1950 | 0 |
| 13 | കണ്ണൂർ | 48 | 758 | 652 |
| 14 | കാസർഗോഡ് | 8 | 172 | 0 |
| | **ആകെ** | **1452** | **64050** | **12578** |